# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5569     18/11/2019-ൽ മറുപടിക്ക്

### സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ യോഗ്യത

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി.എ. റഹീം** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർക്കും നേഴ്സുമാർക്കും ആവശ്യമായ വിദ്യാഭ്യാസ യോഗ്യതകളുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ; | എ) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം 01/01/2019 മുതൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളുടെയും താൽക്കാലിക രജിസ്ട്രേഷൻ നടന്നു വരികയാണ്. താൽക്കാലിക രജിസ്ട്രേഷൻ വേളയിൽ ഓരോ ആശുപത്രികളും അതത് സ്ഥാപനങ്ങളുടെ പൂർണ്ണവിവരങ്ങൾ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. ഇതിൽ സ്ഥാപനത്തിൽ ലഭ്യമായ സേവനങ്ങളും, ഡോക്ടർമാർ, നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ പേരും യോഗ്യതകളും അപ് ലോഡ് ചെയ്യേണ്ടതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച കോഴ്സുകളാണ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. നിശ്ചിത നിലവാരമുള്ള ആശുപത്രികൾക്കാണ് ഇപ്പോൾ താൽക്കാലിക രജിസ്ട്രേഷൻ നൽകുന്നത്. താൽക്കാലിക രജിസ്ട്രേഷന്റെ കാലാവധി രണ്ടു വർഷമാണ്. താൽക്കാലിക രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ രണ്ടു വർഷത്തിനകം സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കേണ്ടതാണ്. സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതിന് മുമ്പ് സ്ഥാപന പരിശോധനയ്ക്കു നിയോഗിക്കപ്പെടുന്ന അസ്സസർമാർ പരിശോധന നടത്തുകയും നിശ്ചയിക്കപ്പെട്ടിട്ടുള്ള നിലവാരം ഉണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്തതിനു ശേഷം മാത്രം സ്ഥിരം രജിസ്ട്രേഷൻ നൽകേണ്ടതാണ്. |
| ബി) | ലാബുകളിൽ നടത്തുന്ന വിവിധ ടെസ്റ്റുകൾക്ക് ഈടാക്കുന്ന തുക ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | ബി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ